# പതിമൂന്നാം കേരളനിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 207. 10.12.2012 ന് മറുപടിയ്ക്ക്.

## വന്യമൃഗങ്ങളുടെ ആക്രമണം തടയാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) |
| (എ)വന്യമൃഗങ്ങളുടെ ആക്രമണംമൂലം ജനങ്ങളുടെ ജീവനും സ്വത്തിനുമുണ്ടാകുന്ന നഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി)സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഇപ്രകാരം വന്യമൃഗങ്ങളുടെ ആക്രമണം കൂടുതലായി കാണപ്പെടുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്, ഇടുക്കി, പാലക്കാട്, പത്തനംതിട്ട എന്നീ ജില്ലകളിലാണ് പ്രധാനമായും വന്യമൃഗശല്യം രൂക്ഷമായി കാണപ്പെടുന്നത്. |
| (സി)വന്യമൃഗങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനും ജനങ്ങളുടെ ഭയം ദൂരീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) വന്യമൃഗങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനും ജനങ്ങളുടെ ഭയം ദൂരീകരിക്കുന്നതിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) ആന പ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.<br>2) സൗരോർജ്ജ-വൈദ്യുത കമ്പിവേലികളുടെ നിർമ്മാണം.<br>3) കയ്യാലകളുടെ നിർമ്മാണം.<br>4) ആനകളുടെ സഞ്ചാരപഥം പുനഃസ്ഥാപിക്കുന്നതിന് ആനത്താരാ പദ്ധതിയിൻ കീഴിൽ സ്വകാര്യസ്ഥലം ഏറ്റെടുത്ത് ആനത്താരകൾ പുനഃസ്ഥാപിക്കുന്ന പ്രവർത്തനം.<br>5) വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ സെറ്റിൽമെന്റുകളിൽ താമസിക്കുന്നവരിൽ വനത്തിന് പുറത്തേക്ക് മാറി താമസിക്കാൻ സന്നദ്ധരായവരെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി. |

6) വനത്തിനുള്ളിൽ ചെക്കു ഡാമുകൾ നിർമ്മിച്ച് വന്യജീവികൾക്ക് ഭക്ഷണവും ജലലഭ്യതയും ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

7) കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് ഓടിക്കുവാൻ 8 റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ചു.

8) വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വ്യവസ്ഥകൾക്ക് വിധേയമായി വെടിവെച്ച് കൊല്ലുന്നതിനുള്ള അനുമതി നൽകി.

സെക്ഷൻ ഓഫീസർ.